"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - ഗ്രാമസഭ/വാർഡ് സഭ കൂടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ വകുപ്പ്**

G.O.(Rt)No.2027/2020/LSGD തീയതി,തിരുവനന്തപുരം, 28/10/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.794/2020/തസ്വഭവ തീയതി 29/4/2020.

2 സ.ഉ.(സാധാ) നം.1450/2020/തസ്വഭവ തീയതി 04/8/2020.

3 സ.ഉ.(സാധാ) നം.1992/2020/തസ്വഭവ തീയതി 22/10/2020.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/10/2020-ലെ എൽ.എം.1946/2019/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനായി പരാമർശം (3) പ്രകാരം പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമ സഭ കൂടുന്നത് രോഗ വ്യാപനത്തിന് സാധ്യതയുള്ളതിനാൽ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനും തുടർന്ന് പരാമർശം (1),(2)-ൽ പ്രതിപാദിച്ചിട്ടുള്ളതു പോലെ ടി ഗുണഭോക്തൃ പട്ടിക ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ / വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ് എന്ന നിബന്ധന പരാമർശം (3)-ൽ പ്രതിപാദിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമ സഭ കൂടുന്നത് രോഗ വ്യാപനത്തിന് സാധ്യതയുള്ളതിനാൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനും മേൽ ഗുണഭോക്തൃ പട്ടിക ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ് എന്ന നിബന്ധന പരാമർശം (3)-ൽ

പ്രതിപാദിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P A
Date: 2020.10.28 13:46:14 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.